# ഒരുക്കമുള്ളകാത്തിരിപ്പ്

SMCC-VACHANAVEDI http://www.syromalabarcatechesis.org

ഡോ.തോമസ് പാറയ്ക്കൽ (ലൂക്കാ:1:5–25)

**ക്രി**സ്തുമസ്ആഘോഷത്തിന്റെ ഒരുക്കത്തിനുള്ള കാലത്തിലേക്ക് (മംഗളവാർത്ത) നാം പ്രവേശിക്കുകയാണ്. മിശിഹായുടെ മനുഷ്യാവതാരത്തെ സംബന്ധിച്ച ഗബ്രിയേൽ ദൂതന്റെ അറിയിപ്പ് മനുഷ്യവംശത്തിനുള്ള മംഗളവാർത്തയാണ്. ഈശോയുടെ മുന്നോടിയായ സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പാണ് ആദ്യഞായറാഴ്ചത്തെ മംഗളവാർത്ത. പ്രതീക്ഷയുടെയും സന്തോഷത്തിന്റെയും ഈ കാലത്തെ 'സുബാറ' (അറിയിപ്പ്/പ്രഖ്യാപനം) എന്നു വിളിക്കുന്നു.

പൗരോഹിത്യത്തിന്റെ പവിത്രമായ വിരിക്കുള്ളിലേക്കു പ്രവേശിക്കുന്ന സക്കറിയാ (ദൈവം അനുസ്മരിച്ചു) അർത്ഥപൂർണ്ണമായ നിശബ്ദത വരിച്ച് പുറത്തിറങ്ങുന്നതാണ് സുവിശേഷ സംഭവം. ജീവിതത്തെയാകമാനം വലയം ചെയ്തിരുന്ന അനപത്യതയുടെ ആവരണം തകർന്ന് പുറത്തിറ ങ്ങുന്നു ധൂപാർപ്പണത്തിൽ നിരതനായ സക്കറിയാ. ദേവാലയകർമ്മങ്ങളുടെ സംശുദ്ധതയാൽ അലംകൃതനായ ഈ വൃദ്ധപുരോഹിതനെ അനുഗ്രഹിക്കപ്പെട്ടവനാക്കാൻ ഗബ്രിയേൽ (ദൈവത്തിന്റെ ശക്തി) ഇറങ്ങിവരുന്നു. അതുമുതൽ വാർദ്ധക്യത്തിന്റെയും വന്ധ്യതയുടെയും പരിമിതികളെ ഉല്ലംഘിക്കാനുള്ള പ്രാപ്തിയാൽ പൂരിതനാവുകയാണ് ദൈവം ഓർമ്മിച്ചവൻ; ദൈവത്തെ ഓർമ്മിച്ചവൻ.

വന്ധ്യതയുടെ അപമാനഭാരത്തിൽ നിന്ന് മുക്തയാകുന്നത് ഏലീശ്വായാണ് (ദൈവത്തിന്റെ വാഗ്ദാനം). അഹറോനിലൂടെ വെളിവാക്കപ്പെട്ട പുരോഹിതപാരമ്പര്യത്തിന്റെ അവകാശി നിയായിരുന്നു സക്കറിയായുടെ ഭാര്യ ഏലീശ്വ. അഹറോന്റെ പുത്രിമാരിലൊരുവളെന്ന് വിശേഷിക്കപ്പെട്ട ഏലീശ്വാ എന്ന നാമധേയം അഹറോന്റെ ഭാര്യയുടേതുമായിരുന്നുവെന്ന് (പുറ 6:23) വി.ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. അഹറോന്റെ പുരോഹിത പാരമ്പര്യത്തിലെ സ്ത്രീജന ങ്ങളുടെയെല്ലാം മാതാവായവളുടെ നാമം തന്നെ സക്കറിയായുടെ ഭാര്യയ്ക്കും എന്നത് ശ്രദ്ധേയമാണ്. ദൈവത്തിന്റെ വാഗ്ദാനങ്ങളെ അനുസ്മരിപ്പിക്കാനാണ് സക്കറിയായോട് അവൾ ചേർന്നത്. വാഗ്ദാനങ്ങളെ ഓർമ്മിക്കുന്ന ദൈവം അനുസ്മരണകളെ യാഥാർത്ഥ്യമാക്കുവാൻ സന്നദ്ധനായിരിക്കുന്നു എന്നതിന്റെ തെളിവാണ് അവരുടെ ജീവിതത്തിലേക്ക് ദൈവത്തിന്റെ ശക്തി കടന്നുവരുന്നത്.അവർക്കു ജനിക്കാനിരുന്ന പുത്രന്റെ പേരും ജനനത്തിനുമുമ്പേ

വെളിപ്പെടുത്തി; യോഹന്നാൻ 'ദൈവം കരുണ കാണിച്ചു'. ദൈവകരുണയുടെ പരിധികളില്ലാത്ത പ്രവാഹത്തിന്റെ പ്രഖ്യാപനമാണ് സക്കറിയായ്ക്ക് ദൈവാലയവിരിക്കുള്ളിൽ ലഭിക്കുന്നത്. ദൈവത്തിന്റെ നിത്യ സ്മരണയിലായിരിക്കാനുതകുന്ന ജീവിതനിലപാടുകൾ യോഹന്നാന്റെ മാതാപിതാക്കൾ ക്കുണ്ടായിരുന്നു. പാരമ്പര്യത്തിന്റെ മഹിമാവല്ല അവരെ ദൈവോർമ്മയിൽ സുസ്ഥിരമാക്കിയത്. അവരിരുവരും ദൈവത്തിന്റെ മുമ്പിൽ നീതിനിഷ്ഠരും കർത്തൃകല്പനകളും അനുശാസനങ്ങളും അന്യൂനമായി പാലിക്കുന്നവരുമായിരുന്നു. തങ്ങളുടെ ജീവിതപരിമിതികളെ ജയിക്കാനാകുംവിധം പ്രത്യാശാഭരിതമായിരുന്നു അവരുടെ നിനവുകളും യാചനകളും. നിരന്തരം തങ്ങളെത്തന്നെ ദൈവോർമ്മയിൽ സ്ഥിരപ്പെടുത്താനാകുന്ന ജീവിതക്രമം അവർക്കുണ്ടായിരുന്നു. പ്രത്യാശയുടെ കിരണങ്ങൾ കെട്ടടങ്ങാൻ ഒരിക്കലും അവർ അനുവദിച്ചില്ല. ദൈവം ഗബ്രിയേലിലൂടെ സക്കറിയായെ പേരുചൊല്ലിവിളിച്ച് സുവാർത്ത അറിയിക്കുന്നു. ദൈവം എല്ലാകാലങ്ങളിലും പേരുചൊല്ലി വിളിച്ച് വാഗ്ദാനങ്ങൾ നല്കുന്നവനാണ്. സക്കറിയ ദൈവാലയശുശ്രൂഷയുടെ ദിനങ്ങൾ പൂർത്തീകരിച്ച് നിശബ്ദനായി ഭവനത്തിലേക്കു തിരിച്ചത് ആരോടും പറയാത്ത ഒരു വാഗ്ദാനവുമായിട്ടാണ്. ആഴത്തിലാണ്ടിറങ്ങിയ മൗനം ലഭ്യമായ വാഗ്ദാനങ്ങളെ വീണ്ടും വീണ്ടും ഹൃദയതലങ്ങളിൽ ചിരപ്രതിഷ്ഠിതമാക്കുന്നു. നിശബ്ദതയിൽ ആവരണമിട്ട ഒരുവർഷത്തോളം കാലം വാഗ്ദാനപൂർത്തീകണത്തിനുവേണ്ടിയാണ്. അദ്ദേഹത്തിന്റെ ജീവിതത്തെ ഭരിച്ച സാന്ദ്രമൗനം നമ്മുടെ ജീവിതപ്രയാണത്തിലും മാതൃകയാണ്. മൗനത്തിൽ ജീവിതഭാഗധേയങ്ങളെ വിലയിരുത്താനും അതിൽ വളരാനും നമുക്കും കഴിയേണ്ടേ?പിതൃത്വത്തിന്റെ ആനന്ദത്തിലേക്കുള്ള പ്രവേശത്തിന്റെ നാളുകളായിരുന്നു സക്കറിയായ്ക്കു ലഭിച്ചത്. പിതൃത്വമെന്നാൽ ജീവൻ പ്രദാനം ചെയ്യുകയാണ്. അജപാലനപിതൃത്വവും ആത്മീയപിതൃത്വവും അനുസ്യൂതം കൈയാളുന്നവർ മറ്റുള്ളവർക്കു ജീവൻ പ്രദാനം ചെയ്തുകൊണ്ട് പിതാക്കന്മാരായിത്തീരുന്നു (ഫ്രാൻസീസ്പാപ്പ). പിതൃത്വത്തിന്റെ ഭാവാത്മകത യിലേക്ക് അനുനിമിഷം വളരാൻ കരുണയുടെ ഉടയവനെ ഉള്ളിൽ വസിപ്പിച്ചാണ്.സന്താനത്തെ ജനിപ്പിക്കുന്നത് പ്രകൃതിയുടെ വിളിയിലുള്ള പങ്കാളിത്തമാണ്. സക്കറിയാ ഒരു സന്താനത്തിനായി ആഗ്രഹിക്കുന്നു. ആ ആഗ്രഹം ദൈവദൂതവചനത്തിലൂടെ സക്കറിയായിൽ മുഴങ്ങിനിന്നു. ഒരു പിതാവാകുവാനുള്ള ആഗ്രഹത്തെക്കുറിച്ച് മുൻകാലങ്ങളിലും അവൻ ദൈവത്തോട് സംസാരിച്ചിരുന്നു. അതുകൊണ്ടാണ് ദൂതൻ അവനോടു പറയുന്നത് 'സക്കറിയാ നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു'(ലൂക്ക1:13)എന്ന്.പ്രതീക്ഷയ്ക്കു വകയില്ലാത്തിടത്ത് പ്രത്യാശയുടെ വൻനിക്ഷേപം സംഭരിച്ചിരിക്കുന്നു ദൈവം. എല്ലാവർക്കും വേണ്ടിയുള്ള പ്രതീക്ഷയുടെ കരുതൽ മൂലധനമാണ് അവിടുത്തെപക്കലുള്ളത്. കരുതലിനെ പ്രയോഗത്തിലെത്തിക്കുന്ന സമയത്തിനായി കാത്തിരിക്കുക യാണ് ദൈവം.

അസംഭവ്യമായതിനെ സംഭവ്യമാക്കുന്ന വിസ്മയം അവിടുത്തെ പക്കലുണ്ട്. ദൈവകരുതലിന്റെ ഔന്നത്യവും വ്യാപ്തിയും ആഴവും കനവും വെളിപ്പെടുത്തുകയാണ് അനുഗൃഹീതനായ സക്കറിയാ.ദൈവോർമ്മ ജീവിതത്തിന് അർത്ഥം നല്കും. നിശ്ചയം. ദൈവത്തെ ഓർക്കുന്നവനെ ദൈവവും ഓർമ്മിക്കും. ഓർമ്മകളുടെ സമന്വയമാണ് മംഗളവാർത്തയിലെ ആദ്യഞായർ നമുക്കൊരുക്കുന്ന സന്ദേശം. ആരാധനയുടെ പശ്ചാത്തലത്തിൽ വിരിക്കുള്ളിലേക്കു കയറുന്നവൻ ദൈവസന്നിധിയിലാണ് വ്യാപരിക്കുന്നത്. ദൈവസന്നിധിയിൽ നില്ക്കുന്നവൻ പ്രത്യാശയുടെ കാഹളനാദമാണ് മുഴക്കുക. പ്രത്യാശയുടെ കാഹളമൂതാൻ ഒരുക്കമുള്ള കാത്തിരിപ്പുവേണം.

SMCC-VACHANAVEDI http://www.syromalabarcatechesis.org

# നമുക്ക് നമ്മെതന്നെ ഒരുക്കാം

ഫാ.ജോർജ് ദാനവേലിൽ

ഒരു കലണ്ടർവർഷത്തെ പന്ത്രണ്ടുമാസങ്ങളായി തിരിക്കുന്നതുപോലെ രക്ഷാകരചരിത്രത്തിലെ പ്രധാനസംഭവങ്ങളെ കൂട്ടിയിണക്കുന്ന ആരാധനക്രമവത്സരത്തെ ഒൻപതുകാലങ്ങളായിട്ടാണ് തിരിച്ചിരിക്കുക. ഈശോയുടെ ജനനത്തോടെയാണല്ലോ രക്ഷാകരചരിത്രം ആരംഭിക്കുന്നത്. ഈശോയുടെ മനുഷ്യാവതാരത്തിനു മുന്നോടിയായുള്ള ഒരുക്കത്തിന്റെ കാലമായ മംഗളവാർത്തക്കാലത്തോടെയാണ് ആരാധനാക്രമവത്സരം ആരംഭിക്കുക.

ഈശോയുടെ മനുഷ്യാവതാരമാണ് ഈ കാലത്തിന്റെ പ്രധാനചിന്താവിഷയം. ഈശോയുടെ മനുഷ്യാവതാരരഹസ്യം ആഘോഷിക്കുന്നതിനൊരുക്കമായി മനുഷ്യസൃഷ്ടി, ആദിമാതാപിതാക്കളുടെ അനുസരണക്കേട്, അവർക്കു ലഭിച്ച ശിക്ഷ, രക്ഷകനെക്കുറിച്ചു നല്കിയ വാഗ്ദാനം, ജനനത്തെക്കുറിച്ചുള്ള മുന്നറിയിപ്പ്, രക്ഷകന്റെ ജനനം തുടങ്ങിയവയെല്ലാം ഈ കാലത്തിൽ സഭയിൽ അനുസ്മരിക്കുന്നു. രക്ഷാകരചരിത്രത്തിൽ പരിശുദ്ധ ദൈവമാതാവിനുള്ളപങ്കും ഈകാലത്തിൽ സഭയിൽ പ്രത്യേകമായി അനുസ്മരിക്കുന്നു. മംഗളവാർത്തക്കാലം ആഗതമാകുമ്പോൾ സഭ നമ്മോടാവശ്യപ്പെടുക. ക്രിസ്സുമസ് വരുന്നു ഈശോയെ സ്വജീവിതത്തിൽ സ്വീകരി

ക്കാൻ ഈശോ നമ്മിൽ ജനിക്കാൻ ഒരുങ്ങുക എന്നാണ്. ഈ ഒരുക്കത്തിനായിട്ടാണ് ഇരുപത്തഞ്ചുനോമ്പുപോലുള്ള ആചരണങ്ങൾ സഭ നിഷ്കർഷിക്കുക.

നൂറ്റാണ്ടുകളായി രക്ഷകനെ പ്രതീക്ഷിച്ചിരുന്ന യഹൂദ ജനതയെ രക്ഷകന്റെ വരവിനായി ഒരുക്കാനായി ഒരു വഴികാട്ടിയെ പ്രഖ്യാപിച്ചുകൊണ്ടു തന്റെ രക്ഷകരപദ്ധതിക്കു തുടക്കം കുറിക്കുന്ന ദൈവത്തെയാണ് ഇന്നത്തെ സുവിശേഷത്തിലൂടെ (ലൂക്കാ 1:5-25) ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുന്നത്. സ്നാപകയോഹന്നാന്റെ മാതാപിതാക്കളെക്കുറിച്ച് സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുക, അവർ ദൈവത്തിന്റെ മുൻമ്പിൽ നീതിനിഷ്ഠരും കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിരുന്നു (1-16) എന്നാണ്. മക്കളില്ലാതിരിക്കുക ഒരു ശാപമായിട്ടാണ് യഹൂദജനത കരുതിയിരുന്നത്. എലിസബത്ത് വന്ധ്യയായതിനാലും പ്രായം കവിഞ്ഞതിനാലും ഇനി ഒരു കുഞ്ഞ് ജനിക്കുമെന്ന് അവർ കരുതിയിരുന്നില്ല. ദൈവതിരുമുമ്പിൽ നീതിനിഷ്ഠരും കല്പനകളും പ്രമാണങ്ങളും അനുസരിച്ചു മാതൃകാദമ്പദികളായിട്ടാണ് സഖറിയാസും എലിസബത്തും ജീവിച്ചിരുന്നത് എങ്കിലും ദൈവ പ്രീതിയുടെ ഒരു ബാഹ്യഅടയാളമായി പരിഗണിച്ചിരുന്ന സന്താനസൗഭാഗ്യം ആ ദമ്പതികൾക്കു ലഭിച്ചിരുന്നില്ല. ഈ സുവിശേഷഭാഗം നമ്മെ അനുസ്മരിപ്പിക്കുന്ന ഒരു സത്യമുണ്ട്. നല്ലവനും നീതിമാനുമായവനും അനുദിനജീവിതത്തിൽ കുറവുകളും പരാധീനതകളും ഉണ്ടാകാം. ഭൗതീകാനുഗ്രഹങ്ങളുടെ സമൃദ്ധിയാണ് ദൈവാനുഗ്രഹത്തിന്റെ അളവുകോൽ എന്നു നാം കരുതരുത്. മക്കളില്ലാത്തതിന്റെ അപമാനവും നിന്ദനവും അദ്ദേഹം സഹിച്ചിരുന്നുവെങ്കിലും അതൊന്നും ദൈവത്തോടുള്ള ബന്ധത്തിനും വിശ്വസ്തതക്കും ഒരു വിഘ്നമായില്ല. ദൈവം നല്കിയ കുറവിനെ ഒരു കുറവായി സ്വീകരിച്ച് തന്റെ ചുമതലയായ പുരോഹിത ശുശ്രൂഷ ചെയ്യുന്ന സഖറിയായേയും മാതൃകാപരമായി ജീവിക്കുന്ന എലിസബത്തിനെയുമാണ് സുവിശേഷത്തിൽ, നാം കണ്ടുമുട്ടുക. സത്യസന്ധമായും വിശ്വസ്തതയോടെയും എല്ലാവരെയും സ്നേഹിച്ചും സേവിച്ചും ജീവിച്ചിട്ടും, ജീവിതത്തിൽ പ്രതീക്ഷക്കു വിരുദ്ധമായി എന്തെങ്കിലും സംഭവിക്കുമ്പോൾ എല്ലാം തകർന്നു, താനിനി ജീവിച്ചിട്ടുതന്നെ കാര്യമില്ല എന്നു കരുതുന്ന ആധുനിക മനുഷ്യനു മുമ്പിൽ, സഖറിയായുടെ ജീവിതം ഒരു മാതൃകയായി ഇന്നും നിലകൊള്ളുന്നു.

ദൈവത്തിൽ ഉറച്ച വിശ്വാസവും നിറഞ്ഞ പ്രത്യാശയുമായി ജീവിച്ച സഖറിയാസിനു അവസാനം ദൈവസ്വരം ശ്രവിക്കാനുള്ള ഭാഗ്യം ലഭിച്ചു. എലിസബത്ത് തനിക്കു ലഭിച്ച അനുഗ്രഹത്തെക്കുറിച്ചു വിശേഷിപ്പിച്ചതുപോലെ മനുഷ്യരുടെ ഇടയിലുണ്ടായിരുന്ന അപമാനം അവസാനം ദൈവം നീക്കിക്കളയുകയാണ്. നീതിമാന്റെ കണ്ണുനീരു കാണുന്നവനാണു ദൈവം. ഒരുപക്ഷേ നീതി നടപ്പാക്കിക്കിട്ടാൻ ഒരല്പം താമസം നേരിട്ടു എന്നുവരാം. എങ്കിലും പ്രത്യാശയോടെ വിശ്വസ്തതയോടെ തന്റെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിച്ചു കാത്തിരിക്കാൻ മനുഷ്യനു സാധിക്കണം

ഇന്റർനെറ്റ് യുഗത്തിൽ ജീവിക്കുന്ന മനുഷ്യനു ഇന്ന് ഏറ്റവും പ്രയാസമേറിയത് ഈ കാത്തിരിപ്പാണ്. മനുഷ്യൻ തയ്യാറാക്കുന്ന ടൈംടേബിളനുസരിച്ചു പ്രവർത്തിക്കുന്ന ദൈവത്തെയാണിന്ന് മനുഷ്യനാവശ്യം. അതിനുവേണ്ടി എന്തുചെയ്യാനും എത്ര രൂപാമുടക്കാനും അവൻ തയ്യാറാണ്. ഒന്നേ നിർബന്ധമുള്ളു താൻ ആഗ്രഹിക്കുന്നതുപോലെ എല്ലാം ഉടനടി സാധിച്ചു കിട്ടണം. എങ്കിലേ ഇന്ന് മനുഷ്യനു സംതൃപ്തിയുള്ളൂ. ഇവിടെ എന്തെങ്കിലും താമസം നേരിട്ടാൽ അവനു ജീവിതത്തോടുതന്നെ മടുപ്പായി. എല്ലാവരോടും വെറുപ്പായി, നിരാശയായി. ഇതു നമ്മുടെ ജീവിതത്തിൽ സംഭവിക്കാതിരിക്കട്ടെ. പ്രത്യാശയോടെ നമുക്കും ദൈവസ്വരത്തിനായി കാതോർത്തിരിക്കാം. പ്രാർത്ഥനപൂർവ്വം കാത്തിരുന്ന സഖറിയായ്ക്കാണ് ദൈവസ്വരം ലഭിച്ചത് എന്നു നമുക്ക് മറക്കാതിരിക്കാം. സ്നാപക യോഹന്നാനെക്കുറിച്ച് വി. ഗ്രന്ഥം വിവരിക്കുക, പരിശുദ്ധാത്മാവിനാൽ നിറഞ്ഞവൻ, വഴിതെറ്റിയവരെ ദൈവത്തിന്റെ വഴിയിലേക്കു തിരിക്കുന്നവൻ , മദ്യം ഉപയോഗിക്കാത്തവൻ, കാഷായവസ്ത്രം ധരിച്ചവൻ, വെട്ടുകിളിയും കാട്ടുതേനും ഭക്ഷിച്ചിരുന്നവൻ, ഇങ്ങനെ തന്റെ ദൗത്യത്തിനനുസരിച്ചു ജീവിച്ചവനായിരുന്നു യോഹന്നാൻ. എങ്ങനെയുള്ള മാതാപിതാക്കളുടെ മകനായിരുന്നു യോഹന്നാൻ, എന്നുകൂടി നാം ഓർക്കേണ്ടതുണ്ട്. "ദൈവത്തിന്റെ മുമ്പിൽ നീതിനിഷ്ഠരും കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമായ ദമ്പതികൾക്കു ജനിച്ച പുത്രനാണ് സ്നാപകയോഹന്നാൻ." എത്രദമ്പതികൾക്ക് തങ്ങൾ സഖറിയാ - എലിസബത്ത് ദമ്പതികളെപ്പോലെയാണ് എന്ന് അവകാശപ്പെടാൻ കഴിയും. ഇന്നു പല മാതാപിതാക്കൾക്കും തങ്ങളുടെ മക്കളുടെ വഴിതെറ്റിയ പോക്കിൽ പരാതികളുണ്ട്. ഇവർ ഒരു നിമിഷം തങ്ങൾ ഏതു തരക്കാരാണെന്ന് ചിന്തിക്കുക ഉചിതമായിരിക്കും.

മംഗളവാർത്തക്കാലം ഒരുക്കത്തിന്റെ കാലമാണല്ലോ. നമുക്ക് നമ്മെതന്നെ ഒരുക്കാം.ആശകൾ അസ്തമിച്ചിരുന്നെങ്കിലും പ്രതീക്ഷയോടെയും വിശ്വസ്തതയോടെയും കാത്തിരിക്കുന്ന സഖറിയായുടെ മനോഭാവം ലഭിക്കാനായി ഈശോയ്ക്കു വഴിയൊരുക്കിയ സ്നാപകയോഹന്നാന്റെ ജീവിതചര്യയും ദൗത്യബോധവും ആർജ്ജിച്ചെടുക്കാനായി ഒരുക്കത്തിന്റെ ഈ നോമ്പുകാലം നമുക്ക് ഉപയുക്തമാക്കാം.

# തമ്പുരാന്റെ യുക്തിയോടു ചേരുക

ഫാ. സെബാസ്ററ്യൻ കുറ്റിയാനിക്കൽ

വിശുദ്ധഗ്രന്ഥത്തിൽ മക്കളില്ലാത്ത വൃദ്ധദമ്പതികൾക്കു ദൈവം മക്കളെ നൽകുന്നതു രണ്ടുപ്രാവശ്യം മാത്രമാണു നാം കാണുന്നത്. (മക്കളില്ലാത്ത എൽക്കാനാ-ഹന്നാ ദമ്പതികൾക്കു ദൈവം സാമുവലിനെ നൽകുന്നതു വിശുദ്ധഗ്രന്ഥത്തിൽ ഉണ്ട്. എന്നാൽ അവർ വൃദ്ധദമ്പതികൾ ആയിരുന്നില്ല.) ആ രണ്ടു സംഭവങ്ങളാണു ഇന്നത്തെ ഒന്നാമത്തെയും നാലാമത്തെയും വായനകൾ. നൂറുവയസ്സു കഴിഞ്ഞ അബ്രാഹത്തിനും തൊണ്ണൂറെത്തിയ സാറായ്ക്കും മകനെ ലഭിക്കുമെന്ന സദ്വാർത്ത ഉത്പത്തിപ്പുസ്തകത്തിൽ നിന്നു നാം ശ്രവിച്ചപ്പോൾ പ്രായം കവിഞ്ഞ വൃദ്ധദമ്പതികളായ സഖറിയായ്ക്കും എലിസബത്തിനും ഒരു മകനെ ലഭിക്കുമെന്ന സദ്വാർത്തയുമായി വരുന്ന ദൈവദൂതനെയാണു സുവിശേഷത്തിൽ നാം കാണുന്നത്. ഈ രണ്ടു ഇടപെടലുകളും ദൈവം നൽകിയ മഹത്തായ വാഗ്ദാനത്തിന്റെ (ഉത്പത്തി 3,15) പൂർത്തീകരണത്തിനുള്ള ഒരുക്കം മാത്രമായിരുന്നു.

രണ്ടാമത്തെ വായനയിൽ ഏശയ്യാപ്രവാചകനിലൂടെ ദൈവം തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ വീഴ്ചകൾ ചൂണ്ടിക്കാണിക്കുകയും (ഏശയ്യ 42,18-25) അതിൽനിന്നു പിന്തിരിയുന്നതിനുള്ള ആഹ്വാനം നൽകുകയും ചെയ്യുന്നു. കാരണം കർത്താവരുൾചെയ്യുന്നു: ''ഭയപ്പെടേണ്ട, ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു; നിന്നെ പേരു ചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്റേതാണ്'' (ഏശയ്യ 43,1). ''എന്റെ പദ്ധതികൾ തടസ്സപ്പെടുത്തുവാൻ ആർക്കു കഴിയും?'' (ഏശയ്യ 43, 13). ദൈവത്തിന്റെ രക്ഷാകരപദ്ധതിയോടു സഹകരിക്കുവാനുള്ള ആഹ്വാനമാണു പ്രവാചകൻ നൽകുന്നത്. ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ട രക്ഷാകരപദ്ധതിയിൽ ആരാധനാസമൂഹം ഇന്നു പങ്കാളികളാവുന്നതു സഭയിലൂടെയാണ്, അതു തുടരുന്നതു കുടുംബങ്ങളിലൂടെയാണ്. സുവിശേഷത്തിൽ നാം കണ്ട വൃദ്ധദമ്പതികൾ - സഖറിയായും എലിസബത്തും- രക്ഷാകര പദ്ധതിയോടു ചേർന്നു കുടുംബബന്ധങ്ങളെ എപ്രകാരം കാണണമെന്നതിനു മാതൃകയായി നമുക്കു മുമ്പിൽ നിൽക്കുന്നു. വചനം പറയുന്നു: ആ

ദമ്പതികൾ നീതിനിഷ്ഠരും കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിരുന്നു(1,6). എങ്കിലും, ജനത്തിനുമുമ്പിൽ അവർ അപമാനിതരായിരുന്നു(1, 25). അവർക്ക് ഒരു കുറവുണ്ടായിരുന്നു. അവർക്കു മക്കളുണ്ടായിരുന്നില്ല. തങ്ങളുടെ കുറവുകളുടെ പേരിൽ നിരാശപ്പെടാതെ, കുറവുകളെ കാണുന്ന ദൈവത്തിന്റെ മുമ്പിൽ പ്രാർത്ഥനകളുമായി നിരന്തരം നിന്നിരുന്ന ദമ്പതികളെയാണു നാം കാണുന്നത്. ദൈവികപദ്ധതികളോടു ചേർന്നു പ്രവർത്തിക്കുമ്പോഴും നമുക്കുണ്ടാകുന്ന മാനുഷികകുറവുകളെ ഓർത്ത് ആകുലപ്പെടാതെ ദൈവത്തിന്റെ കാരുണ്യത്തിനായി കാത്തിരിക്കുവാൻ വചനം പഠിപ്പിക്കുന്നു. ഒരു പക്ഷേ എനിക്കുള്ള കുറവ്, ദൈവത്തിന്റെ കാരുണ്യം അനുഭവിക്കാനുള്ള ഒരു ചാനലായിരിക്കും. പൗലോസ് അപ്പസ്തോലൻ പറയുന്നു. ''അവിടുന്ന് എന്നോടരുൾ ചെയ്യുന്നു: നിനക്ക് എന്റെ കൃപ മതി, എന്തെന്നാൽ ബലഹീനതയിലാണ് എന്റെ ശക്തി പൂർണ്ണമായി പ്രകടമാകുന്നത്'' (2 കോറി 12,9).

വൃദ്ധനായ സഖറിയായോട് ദൈവദൂതൻ പറഞ്ഞു: ''എലിസബത്തിൽ നിനക്ക് ഒരു പുത്രൻ ജനിക്കും.'' സഖറിയാ മാനുഷികയുക്തികൊണ്ടു മാത്രം ചിന്തിച്ചു വിധിയെഴുതി: ''ഇത് അസാധ്യം. ഞാൻ വൃദ്ധനാണ്. എന്റെ ഭാര്യ പ്രായം കവിഞ്ഞവളാണ്.'' എന്നാൽ ദൈവദൂതൻ പറഞ്ഞ വാക്കുകൾ വചനത്തിൽ മുൻകൂട്ടി പറഞ്ഞിട്ടുള്ളവയായിരുന്നു (ലൂക്കാ 1, 15= സംഖ്യ 6,3; ലൂക്കാ 1,17= മലാക്കി 4,5). ആ വചനങ്ങൾ യഥാകാലം പൂർത്തിയാകാനുള്ളവയായിരുന്നു(ലൂക്കാ 1,20). ദൈവവചനത്തെ മാനുഷിക യുക്തികൊണ്ടുമാത്രം വിധിക്കാതെ, അതിന്റെ മുമ്പിൽ സമർപ്പണവും മാനുഷികമായ സഹകരണവുമാണു ദൈവം ആവശ്യപ്പെടുന്നത്. മാനുഷികമായ ആ സഹകരണം യുക്തിയെ കുറച്ചുകാലത്തേക്കു നിശബ്ദമാക്കുന്നതു നമുക്കു വചനത്തിൽ കാണാം. നിന്റെ യുക്തിയെ കുറച്ചുകാലത്തേക്കു മൂകമാക്കി തമ്പുരാന്റെ യുക്തിയോടു (വചനത്തോട്) ചേർന്നു പ്രവർത്തിക്കുവാനുള്ള ആഹ്വാനമാണു ദൈവദൂതൻ സഖറിയായ്ക്കു നൽകുന്നത്. അതുപോലെ തന്നെയാണു പൗലോസ് അപ്പസ്തോലൻ ഇന്നത്തെ ലേഖനത്തിലൂടെ നമ്മെ ഉദ്ബോധിപ്പിക്കുന്നത്. കുടുംബബന്ധങ്ങളെ, ഭാര്യ-ഭർത്തൃബന്ധങ്ങളെ കേവലം മാനുഷികയുക്തിയുടെ പേരിൽ വിലയിരുത്താതെ ക്രിസ്തുവും സഭയുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ കാണണം. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തെ ലാഭനഷ്ടങ്ങളുടെ പേരിൽ വിലയിരുത്താതെ ദൈവികപദ്ധതിയുടെ ഭാഗമായി കാണാം. കാരണം, ഇന്നും ദൈവം പ്രവർത്തിക്കുന്നതു കുടുംബങ്ങളിലൂടെയാണ്. ദൈവത്തിന്റെ പദ്ധതികളാണു കുടുംബങ്ങളിലൂടെ നിറവേറേണ്ടത്. ആരാധനക്രമത്തിലെ പുതിയ ഒരു വർഷത്തിലേക്കു പ്രവേശിക്കുമ്പോൾ തിരുവചനം ഓർമിപ്പിക്കുന്നു, മനുഷ്യചരിത്രത്തിന്റെ ഓരോ നിമിഷവും ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാണ്. ദൈവത്തിന്റെ പദ്ധതിയെ മനുഷ്യയുക്തിയിലേക്ക്

ഒതുക്കുവാൻ സാധ്യമല്ല. ദൈവത്തിന്റെ വചനത്തോടു മനുഷ്യയുക്തിയെ ചേർത്തു പ്രവർത്തിക്കുകയാണ് ആവശ്യകമായിരിക്കുന്നത്. ദൈവികപദ്ധതിയോടു മനുഷ്യൻ സഹകരിക്കുമ്പോൾ മനുഷ്യചരിത്രം മംഗളകരമായി മാറുന്നു. അവിടെനിന്നുയരുന്ന ഓരോ വാർത്തയും മംഗളവാർത്തയാകുന്നു. അതാണു മംഗളവാർത്തക്കാലം. അപ്രകാരം സഹകരിച്ച വ്യക്തിത്വങ്ങളെയാണ് ഈ ആരാധനക്രമകാലത്തിൽ നാം തിരുവചന ത്തിലൂടെ കണ്ടുമുട്ടുന്ന അബ്രാഹവും-സാറയും, സഖറിയായും-എലിസബത്തും, ജോസഫും-മറിയവും. ഈ മാതൃകകളെ അനുകരിച്ചു കുടുംബങ്ങളിലും സമൂഹത്തിലും മംഗളവാർത്ത സൃഷ്ടിക്കുവാൻ ഈ മംഗളവാർത്തക്കാലത്തു തിരുവചനം നമ്മെ ക്ഷണിക്കുന്നു.

SMCC-VACHANAVEDI http://www.syromalabarcatechesis.org

# വിരിക്കുള്ളിലെ ദിവ്യമൗനം

ഡോ.തോമസ്സ് പാറയ്ക്കൽ

ദേവാലയത്തിലെ വിരിക്കുള്ളിൽ വച്ച് സഖറിയ വരിച്ച മൗനത്തിലടങ്ങിയിരിക്കുന്ന അനന്ത സൗന്ദര്യ ദർശനത്തിന്റെ പ്രചോദിപ്പിക്കലുകളാണ് മംഗളവാർത്താക്കാലത്തിലെ ആദ്യ ഞായറാഴ്ചയുടേത്. വിശുദ്ധപൗരോഹിത്യത്തിന്റെ ഇരുപാരമ്പര്യങ്ങളുടെ സംഗമ വേദിയായിരുന്നു സഖറിയായുടെകുടുംബം ലേവായപൗരോഹിത്യവും അഹറോൻപാരമ്പര്യവും. സഖറിയായും ഏലീശ്വയും ഒന്നിക്കുമ്പോൾ അർത്ഥ സാന്ദ്രമായ മലയാളവാക്യം ഉത്ഭവിക്കുന്നു "ദൈവം അനുസ്മരിച്ചു." തന്റെവാഗ്ദാനം ദൈവോർമ്മയുടെയും വാഗ്ദാനങ്ങളുടെയും

സഞ്ചിതഭണ്ഡാഗാരത്തിലേക്ക് ജനത്തെ നയിക്കുകയാണിവർ. കർത്തൃകല്പനകളുടെയും അനുശാസനങ്ങളുടെയും വിശുദ്ധപഥം അന്യൂനമായി കാത്തവരാണിവർ. നിയമങ്ങളെ അനുഷ്ഠാനങ്ങളുടെ ധന്യതയിൽ എത്തിച്ചവരാണ് സഖറിയായും ഏലീശ്വായും. കുറ്റമറ്റവിധം ദൈവിക വഴികളിൽ ചരിക്കുവാൻ നിർബന്ധബുദ്ധി പുലർത്തിയവരാണ് ഈ ദമ്പതികൾ. കാരണം അവരുടെ പേരിനാൽത്തന്നെ ദൈവോർമ്മയും ദൈവവാഗ്ദാനവും അവരിൽതന്നെ അവർ പേറിയിരുന്നു. പേരുകളുടെ അർത്ഥത്തിനു യോജിച്ച ജീവിത പരിശീലനങ്ങളുടെ മുദ്ര സംവഹിക്കുകയാണ് ജീവിതങ്ങളുടെനിയോഗം വെളിവുനിറഞ്ഞ ജീവിതങ്ങളിൽ വെളിപാടുകൾ സുലഭം. പൗരോഹിത്യവിധിപ്രകാരം ദേവാലയ വിരിക്കുള്ളിൽ ധൂപം സമർപ്പിക്കുമ്പോൾ ദൈവദൂതദർശനം ഉണ്ടാകുന്നു സഖറിയായ്ക്ക്. നിന്റെ പ്രാർത്ഥന കേൾക്കപ്പെട്ടിരിക്കുന്നു. നിന്റെ ഭാര്യ ഏലീശ്വായിൽ നിനക്ക് ഒരു പുത്രൻ ജനിക്കും. ദൈവികദർശനങ്ങൾ ദൈവികവെളിപാടുകളുടെ മാർഗ്ഗമാണ്. ദർശനത്തെയും വെളിപാടിനെയും സ്വീകരിക്കാനുള്ള ഭൗതികവും ആന്തരികവുമായ ഒരുക്കത്തിലായിരിക്കണം നാമെല്ലാം. ദൈവികവെളിപാടുകളെ അങ്ങനെ തന്നെ തിരിച്ചറിയാനും വ്യാഖ്യാനിക്കാനുമുള്ള ജീവിതനില ഇനിയും നാം കൈവരിച്ചോ?

മനുഷ്യൻ അസാദ്ധ്യതകളുടെ പരമ്പര ദർശിക്കുന്നവനാണ്. സഖറിയായും ഭിന്നനായിരുന്നില്ല. വാഗ്ദാനപൂർത്തീകരണത്തിനുള്ള പ്രതിബന്ധങ്ങൾ സയുക്തികം നിരത്തുകയാണവൻ; അവനെപ്പോലെ നമ്മളും. സംഭവിക്കാനിരിക്കുന്നവ പൂർത്തിയാകും വരെയുള്ള വിശുദ്ധ മൗനത്താൽ മുദ്രയിടപ്പെട്ടവനായി സഖറിയാ ദേവാലയത്തിൽ നിന്ന് പുറത്തിറങ്ങി. അവനെ കണ്ടവർ പറഞ്ഞു. സഖറിയായ്ക്ക് ദേവാലയത്തിൽ ദർശനമുണ്ടായി. വെളിപാടിനെ വെളിപാടായി കാണാൻ പുരോഹിതനും ജനവും സജ്ജരാകേണ്ട കാലമാണിത്. മഹത്തായ മൗനത്തിന്റെ നാളുകളിൽ സഖറിയായ്ക്കു ലഭിച്ച പുത്രനാണ് "യോഹന്നാൻ" (ദൈവം കാരുണ്യവാൻ). 'ധ്യാനാത്മകതയെന്നു പറയുന്നത് മനസ്സും ഹൃദയവും മുഴങ്കാലുകളും പ്രാർത്ഥനയും ചേർന്നതാണ്. ദൈവികരഹസ്യങ്ങളിലേക്കു കടക്കുവാനുള്ള മാർഗ്ഗമാണ് ധ്യാനാത്മകത. എന്തെന്നാൽ മുട്ടുകൾ മടക്കി ധ്യാനനിർലീനരായിരിക്കുമ്പോൾ മാത്രമേ ദൈവിക രഹസ്യങ്ങൾ ആഴത്തിൽ ഗ്രഹിക്കാനാവൂ' (ഫ്രാൻസീസ്പാപ്പ ഒക്ടോ.22,2013). ദൈവികരഹസ്യങ്ങൾ നിറഞ്ഞിരിക്കുന്ന റോസപുഷ്പങ്ങൾ വിരിയുന്നത് ധ്യാനാത്മകമായ മൗനത്തിലാണ്. ജീവിതങ്ങളെല്ലാം എല്ലായിടത്തും ദൈവിക രഹസ്യങ്ങളുടെ കലവറയാകുന്നത് വിശുദ്ധമായ മൗനത്തിന്റെ തികവിലാണ്, നിറവിലാണ്.മഹാമൗനം സർഗ്ഗാത്മകതയാണ്. മൗനത്തിന്റെ തികവിലും നിറവിലുമാണ് വാചാലമായി സംസാരിച്ച യോഹന്നാന്റെ പിറവി സംഭവിക്കുന്നത്. ജീവിതത്തെ ഭാവാത്മകമാക്കാനും സർഗപ്രക്രിയയെ ചൈതന്യവത്താക്കാനും

നിശബ്ദതപോലെ ഉപകരിക്കുന്ന മറ്റൊന്നുമില്ല. ധ്യാനാത്മകമായ നിശബ്ദത പ്രാർത്ഥനയാണ്; സർഗ്ഗ കർമ്മമാണ്. അതു വരാനിരിക്കുന്ന ലോകത്തിന്റെ പ്രതീകമാണ്. നിശബ്ദതയിൽ ഒന്നും സംഹരിക്കപ്പെടുന്നില്ല. സ്നേഹാഗ്നി ജ്വലിപ്പിക്കാനുള്ള തീ കൊളുത്തലാണ്. എല്ലാം ശാന്ത നിശബ്ദമായിരുന്നപ്പോൾ രക്ഷകന്റെ മുന്നോടിയുടെ ജനനം സംഭവിക്കുന്നു; രക്ഷകന്റെയും.ദൈവികസാന്നിദ്ധ്യത്തിന്റെയും മഹത്ത്വത്തിന്റെയും പ്രകീർത്തനമാണ് നിശബ്ദത. പരിശുദ്ധവും ആധികാരികവുമായ ദൈവികസ്നേഹത്തിലുള്ള ഊയലാടലാണ് മൗനം. എല്ലാം ശാന്തനിശബ്ദമാകുന്നിടത്തു ദൈവികാവതാരം സംഭവിക്കുന്നു. വിനയവും പ്രശാന്തതയും സമ്മേളിക്കുമ്പോൾ നിശബ്ദത ആരാധനയായി പരിണമിക്കുന്നു. അവിടെ ദൈവഹിതം തിരിച്ചറിയപ്പെടുന്നു. ദൈവേച്ഛയുടെ സ്വീകരണത്തിനും അതിന്റെ പൂർത്തീകരണത്തിനും ബോധപൂർവ്വകമായനിശബ്ദത അനിവാര്യമാണ്. നിശബ്ദത - സൃഷ്ടി - സ്ഥിതി - സംഹാരപ്രണവമാണ്. മൗനത്തിനു സൃഷ്ടിക്കാനെന്നപോലെ രക്ഷിക്കാനും നശിപ്പിക്കാനും കഴിയും. ചിലപ്പോൾ സന്ദർഭനിഷ്ഠമായ മൗനം ഒരുവനെ രക്ഷിക്കും. മറ്റു ചിലപ്പോൾ നിശബ്ദത അവന്റെ നാശത്തിനും കാരണമാകും. ദൈവികനിശബ്ദതയിൽ സന്ദേഹങ്ങളടങ്ങിയ സഖറിയാ 'മരുഭൂമിയിലെ ശബ്ദ'ത്തിനു പിതാവാകുകയാണ്. മൗനം സൗമ്യതയാണ്; മഹാകാരുണ്യവും. ഉന്നതത്തിൽ നിന്നുള്ള ഉദയരശ്മിയുടെ വ്യാപനമാണു മൗനം. നിശബ്ദത കാരുണ്യമാണ്; സർവ്വക്ഷമയും. വിരിക്കുള്ളിലെ മഹാമൗനം വിനയമാണ്; വിശ്വാസമാണ്; മഹത്തായ ആരാധനയും.